# വഴി കുറവുതീർക്കുന്ന ദൈവം

## സങ്കീർത്തനം 18:30

"ദൈവത്തിന്റെ വഴി തികവുള്ളതു."

യഹോവ ദാവീദിനെ സകലശത്രുക്കളുടെ കയ്യിൽനിന്നും, ശൗലിന്റെ കയ്യിൽനിന്നും വിടുവിച്ച കാലത്ത് യഹോവെക്കു ദാവീദു പാടിയ സംഗീത വാക്യങ്ങളാണ് ഈ സങ്കീർത്തനത്തിൽ ആകമാനം പ്രതിപാദിച്ചിരിക്കുന്നത്. വാക്യം 30 ൽ ദൈവത്തെക്കുറിച്ചുള്ള ദാവീദിന്റെ ഈ പ്രസ്താവനയിൽ നമുക്ക് വലിയ ആശ്ചര്യമൊന്നും തോന്നുകില്ലായിരിക്കാം. കാരണം ദൈവം തികവുള്ളവനായതുകൊണ്ട്, അവന്റെ വഴികളും നിശ്ചയമായും തികവുള്ളതു തന്നെയായിരിക്കും എന്ന് നമുക്ക് ഉറപ്പാണ്.

എന്നാൽ ഇന്നത്തെ ചിന്താവിഷയം അതല്ല. ദൈവത്തിന്റെ വഴി തികവുള്ളതായതു കൊണ്ട് തന്റെ മക്കളായ നമ്മെ സംബന്ധിച്ചിടത്തോളം ഒരു സന്തോഷവാർത്തയുണ്ട്, അതെന്താണ്? വാക്യം 32 ശ്രദ്ധിക്കുക, "അവൻ എന്റെ വഴി കുറവുതീർക്കും" പ്രശ്നങ്ങളും, പ്രതിസന്ധികളും, പ്രതികൂലങ്ങളും നിറഞ്ഞ ഒരു വഴിയിലൂടെയാണ് ദൈവമക്കളായ നാമും നിരന്തരം യാത്ര ചെയ്യുന്നത്. ഇവയൊന്നും ഇല്ലാത്ത ഒരു വഴി ഉണ്ടാക്കി അതിലൂടെ നമ്മെ നടത്താമെന്ന് ദൈവം ഒരിക്കലും വാഗ്ദാനം ചെയ്യുന്നില്ല. മറിച്ച് അവന്റെ വഴി തികവുള്ളതായതു കൊണ്ട് അവൻ നമ്മെ തന്റെ വഴികളിൽ കടത്തി വിട്ട് നമ്മുടെ വഴി കുറവുതീർക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. തുടർന്നുള്ള വാക്യങ്ങളിൽ അത് എപ്രകാരമെന്നും പ്രതിപാദിക്കുന്നു.

നാം ഏവരും ബലഹീന മനുഷ്യരാണ്, പല കുറവുകളും നമുക്കുണ്ടാകാം, ആഗ്രഹിക്കാത്ത പല തിന്മ പ്രവർത്തികളും നമ്മിൽ കണ്ടു എന്നു വന്നേക്കാം. എന്നാൽ നാം തന്നെ നമ്മിലെ കുറവുകളെ പരിഹരിക്കുവാൻ പോയാൽ, ഒരുപക്ഷെ പരാജയമായിരിക്കും ഏറ്റു വാങ്ങുക. അതേസമയം വഴി തികവുള്ളവനായ ദൈവത്തിന്റെ കരത്തിൽ നമ്മുടെ വഴികളെ ഏൽപ്പിച്ചാൽ, അവൻ അത് ശോധന ചെയ്ത് കുറവു തീർത്തു തരുന്നവനാണ്. അങ്ങനെ നാം ദൈവത്താൽ നയിക്കപ്പെടുന്നവരെങ്കിൽ ഒരു കാര്യം നമുക്ക് ഉറപ്പോടെ പറയുവാൻ കഴിയും, ദൈവം കൊണ്ടെത്തിച്ച ഒരു നിർണ്ണായക നിമിഷത്തിലാണ് നാം ഇപ്പോൾ ആയിരിക്കുന്നത്. ഇന്ന് നാം അഭിമുഖീകരിക്കുന്ന എല്ലാ അനുഭവങ്ങളും ദൈവത്തിന്റെ ദിവ്യമായ പദ്ധതിയുടെ ഭാഗങ്ങളാണ്, അവിടെ നാം പതറിപ്പോകരുത്.

പ്രിയരേ, നമ്മുടെ ഈ ജീവിതയാത്രയിൽ ദൈവത്തിന്റെ ബലവത്തായ കരം നമ്മെ പിടിച്ചിട്ടുണ്ടെന്നതിനാൽ, നാം ഒരുനാളും വഴി തെറ്റിപ്പോകയില്ല, ഒരിക്കലും നാം വീണു

പോകയില്ല, നമ്മുടെ ലക്ഷ്യസ്ഥാനം തെറ്റാതെ, നാം നിശ്ചയമായും അവിടെ എത്തിയിരിക്കും. അതിനായി ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം :**

സങ്കീർത്തനം 18:36

ഞാൻ കാലടി വെക്കേണ്ടതിന്നു നീ വിശാലത വരുത്തി; എന്റെ നരിയാണികൾ വഴുതിപ്പോയതുമില്ല

ബ്രദർ. ബിനു ബേബി ആലപ്പുഴ 158